


# തിബേരിയാസ് – പ്രതീക്ഷയുടെ തീരം

(ഏശയ്യാ 49:7–13; അപ്പ. പ്രവ. 9:1–19; ഹെബ്രാ. 10:19–36; യോഹ. 21:1–14)

ബ്ര. റോഷിൻ പൊൻമണിശ്ശേരി MCBS

Vol. 10, Issue: 55

**ഉ**യിർപ്പുകാലത്തിന്റെ അഞ്ചാം ആഴ്ചയിലേയ്ക്ക് നാം ഇന്ന് പ്രവേശിച്ചിരിക്കുകയാണ്. ഉത്ഥിതനായ യേശു ഒരിക്കൽക്കൂടി തന്റെ പ്രിയശിഷ്യരെ തേടിയെത്തുന്നതും അവരെ വിശ്വാസത്തിലും സ്നേഹത്തിലും ഉറപ്പിക്കുന്നതുമായ മനോഹര രംഗമാണ് ഇന്നത്തെ സുവിശേഷം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ഈശോയുടെ മരണത്തിനും ഉത്ഥാനത്തിനും ശേഷം യഹൂദരെ ഭയന്ന് കതകടച്ചിരുന്ന ശിഷ്യന്മാർക്ക് വിശ്വാസവും പ്രതീക്ഷയും ധൈര്യവും നഷ്ടപ്പെട്ടു. അതോടൊപ്പം വിശപ്പും അവരെ കീഴടക്കാൻ തുടങ്ങിയപ്പോൾ പത്രോസ് ശ്ലീഹാ പറഞ്ഞു: "ഞാൻ മീൻ പിടിക്കാൻ പോവുകയാണ്." തങ്ങളുടെ തലവനെ അനുഗമിച്ച് മറ്റു ശിഷ്യന്മാരും പത്രോസിന്റെ പുറകെ യാത്രയായി. ജീവൻ പണയം വച്ചുകൊണ്ട് അവർ മീൻ പിടിക്കാൻ പോയെങ്കിലും പുലരുംവരെ അദ്ധ്വാനിച്ചിട്ടും മത്സ്യമൊന്നും അവർക്കു ലഭിച്ചില്ല. ഫലരഹിതമായ അവരുടെ അദ്ധ്വാനത്തിലേയ്ക്ക് കർത്താവ് കടന്നുവന്ന് വലതുവശത്തേയ്ക്ക് വലയെറിയാൻ അവരോടു പറയുകയും വല കീറുവോളം അവർക്ക് മീൻ ലഭിക്കുകയും ചെയ്തു. എങ്കിൽ, അത് കർത്താവാണെന്ന് അവർ അറിഞ്ഞില്ല. യോഹന്നാൻ ശ്ലീഹായുടെ വാക്കുകളിലൂടെ അത് കർത്താവാണെന്ന് അവർ മനസ്സിലാക്കുകയും നഗ്നനായിരുന്ന പത്രോസ് ശ്ലീഹാ പുറംകുപ്പായം ധരിച്ച് കടലിലേയ്ക്കു ചാടുകയും ചെയ്തു. കരയ്ക്കെത്തിയപ്പോൾ ഈശോ, തന്റെ പ്രിയ ശിഷ്യർക്കായി പ്രാതൽ തയ്യാറാക്കി കാത്തിരിക്കുന്നതായി അവർ കണ്ടു.

ഗലീലിയിലെ തിബേരിയാസ് കടലിന്റെ തീരത്തുവച്ചാണ് യേശു തന്റെ ശിഷ്യരെ ആദ്യമായി കണ്ടുമുട്ടിയത്. മനുഷ്യരെ പിടിക്കുന്നവരാക്കാം എന്ന വാഗ്ദാനവുമായി അവിടുന്ന് അവരെക്കൂട്ടി മൂന്നുവർഷം പരിശീലിപ്പിച്ചു. എന്നാൽ, കഥാന്ത്യത്തിൽ ശിഷ്യർ വീണ്ടും തിബേരിയാസിന്റെ കരയിൽത്തന്നെ എത്തിച്ചേരുകയാണ്, മനുഷ്യരെ പിടിക്കുന്നതിനു പകരം മീൻ പിടിക്കാൻ. യേശു തന്റെ ശിഷ്യരെ വിളിച്ചത് പുതിയൊരു ജീവിതത്തിലേയ്ക്കാണ്. ഉപേക്ഷിച്ചുവന്ന പഴയജീവിതത്തിലേയ്ക്ക് തിരിച്ചുപോകുമ്പോൾ ഒന്നും നേടാനാകാതെ പരാജയപ്പെട്ടു പോകുമെന്ന് ശിഷ്യന്മാരുടെ ഫലശൂന്യമായ അദ്ധ്വാനം നമ്മെ പഠിപ്പിക്കുകയാണ്. എങ്കിൽ, തന്നിലുള്ള വിശ്വാസത്തെ നഷ്ട

പ്പെടുത്തി പ്രത്യാശയെ ഇല്ലായ്മ ചെയ്ത് പുനർജീവിതത്തിന്റെ സന്തോഷവും സ്നേഹവും നഷ്ടപ്പെടുത്തി പഴയ ജീവിതസാഹചര്യത്തിലേയ്ക്ക് തിരിച്ചുപോയ ശിഷ്യരെ ഉപേക്ഷിച്ചുപോകാൻ ഈശോ തയ്യാറായില്ല. കുഞ്ഞുങ്ങളേ, എന്നു വിളിച്ചുകൊണ്ട് അവരുടെ ജീവിതത്തിലേയ്ക്ക് ഈശോ ഒന്നുകൂടി കടന്നുചെല്ലുകയാണ്. അപ്പവും മീനും തയ്യാറാക്കി അന്ത്യത്താഴമേശയിൽ ഈശോ തയ്യാറാക്കിയ ആ സ്നേഹത്തിലേയ്ക്ക് തന്റെ പ്രിയശിഷ്യരെ അവിടുന്ന് വിളിച്ചുകൂട്ടി. ഏശയ്യാ പ്രവാചകൻ 49-ാം അദ്ധ്യായം 7-13 വാക്യങ്ങൾ പറഞ്ഞുവയ്ക്കുന്നതുപോലെ, ഒരു പുതിയ ആരംഭം കുറിക്കലാണ് ദൈവത്തിന്റെ ഇടപെടൽ വഴിയായി സാധ്യമാകുന്നതെന്ന്.

ക്രിസ്തുവിന്റെ മരണത്തിലൂടെ, ദൈവം എപ്രകാരമാണോ ഏതൊരു പാപിയെയും വീണ്ടെടുത്തത് അപ്രകാരം തന്നെയാണ് തിബേരിയാസിന്റെ തീരത്തുവച്ച് ഈശോ തന്റെ ശിഷ്യരെയും വീണ്ടെടുത്തത്. ഈ വീണ്ടെടുപ്പ് നമ്മോടു പറഞ്ഞുവയ്ക്കുന്നത് മൂന്നു കാര്യങ്ങളാണ്. ഒന്നാമതായി, പശ്ചാത്താപം രക്ഷയ്ക്ക് അനിവാര്യമാണ് എന്നാണ്. പത്രോസിന്റെ പശ്ചാത്താപം അവന്റെ രക്ഷയ്ക്ക് അനിവാര്യമായിരുന്നു. ഗുരുസന്നിധിയിൽ ആദ്യം നീന്തിയെത്തിയ പത്രോസിന്റെ പ്രവർത്തി അനുതാപത്തിന്റെ പ്രകാശനമായിരുന്നു. അപ്പ. പ്രവ. 3:19-20 “നിങ്ങളുടെ പാപങ്ങൾ മായിച്ചുകളയാൻ പശ്ചാത്തപിച്ച് ദൈവത്തിലേയ്ക്ക് തിരിയുവിൻ. നിങ്ങൾക്ക് കർത്താവിന്റെ സന്നിധിയിൽ സമാശ്വാസത്തിന്റെ കാലം വന്നെത്തുകയും നിങ്ങൾക്കുവേണ്ടി ക്രിസ്തുവായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന യേശുവിനെ ദൈവം അയയ്ക്കുകയും ചെയ്യും.” മൂന്നു പ്രാവശ്യം നിഷേധിച്ചു പറഞ്ഞതിനു പകരമായി മൂന്നുവട്ടം പത്രോസ് ഗുരുവിനോടുള്ള സ്നേഹം ഏറ്റുപറയുന്നു. ഏതൊരു പാപത്തിനും പരിഹാരം ക്രിസ്തുവിനോടുള്ള ആത്മബന്ധം മാത്രമാണെന്ന സത്യം ഇവിടെ വ്യക്തമാകുന്നു. കാരണം, എല്ലാ പാപത്തിനും പരിഹാരം ചെയ്തത് ക്രിസ്തുവാണ്. എരിഞ്ഞുകത്തുന്ന തീയുടെ ചുറ്റും ഇരുന്നപ്പോഴാണ് പത്രോസ് ഗുരുനിഷേധം നടത്തിയതെങ്കിൽ ഏറ്റുപറച്ചിലിന്റെ വേദിയിലും എരിഞ്ഞുകത്തുന്ന കനലുകൾ സാക്ഷികളായിട്ടുണ്ടായിരുന്നു. പാപത്തെ അതിന്റെ എല്ലാ സാഹചര്യങ്ങളോടെയും പരിഹരിക്കുക; എന്നാൽ, ക്രിസ്തു നമ്മുടെ ജീവിതത്തെ വീണ്ടെടുക്കും.

രണ്ടാമതായി, ഗുരുവചനം അനുസരിക്കുന്നതിലൂടെ വീണ്ടെടുപ്പ് സാധ്യമാകുന്നു. പത്രോസിന്റെ വീണ്ടെടുപ്പ് സാധ്യമാകുന്നത് അവൻ ഗുരുവചനം അനുസരിക്കാൻ തയ്യാറായപ്പോഴാണ്. വള്ളത്തിന്റെ വലതുവശത്ത് വലവീശാൻ ഈശോ നൽകുന്ന നിർദ്ദേശം പത്രോസ് അനുസരിക്കുന്നിടത്താണ് രക്ഷയുടെയും വീണ്ടെടുപ്പിന്റെയും തുടക്കം. ഈശോ നൽകിയ രക്ഷയുടെ നിർദ്ദേശങ്ങൾ സ്വീകരിക്കാനുള്ള സന്നദ്ധതയാണ് നമ്മുടെയും വീണ്ടെടുപ്പിന്റെ അടിസ്ഥാനം. മൂന്നാമതായി, വീണ്ടെടുപ്പ് ഐശ്വര്യത്തിലേയ്ക്കും സമൃദ്ധിയിലേയ്ക്കും വാതിൽ തുറക്കുന്നു എന്ന സത്യം കൂടി ഈ വചനം വ്യക്തമാക്കുന്നു. ശൂന്യമായ കടലിൽ വളരെ പെട്ടെന്നാണ് ചാകരയൊരുങ്ങുന്നത്. രക്ഷയുടെ ഭൗതികസമൃദ്ധിയുടെ മാനത്തെ ഇത് സൂചിപ്പിക്കുന്നു. ക്രിസ്തുവിൽ നമ്മുടെ ജീവിതങ്ങളെ വീണ്ടെടുക്കുമ്പോൾ ഐശ്വര്യവും സമൃദ്ധിയും നിറഞ്ഞുനിൽക്കുമെന്ന് വചനം നമ്മോട് പറഞ്ഞുവയ്ക്കുകയാണ്.

പ്രിയസഹോദരങ്ങളേ, തിബേരിയാസിന്റെ തീരത്ത് അപ്പവും മീനും പ്രാതലായി ഒരുക്കി നവജീവിതത്തിൽ നിന്ന് പഴയ ജീവിതത്തിലേയ്ക്ക് തിരികെപ്പോയ ശിഷ്യരെ വീണ്ടെടുത്തതുപോലെ ഇന്ന് ഈ വിശുദ്ധ കുർബാനയിൽ തന്റെ ശരീരവും രക്തവുമാകുന്ന അപ്പവും വീഞ്ഞും തയ്യാറാക്കി നമ്മെയും ഈശോ വീണ്ടെടുക്കുകയാണ്. വിശ്വാസവും പ്രതീക്ഷയും നഷ്ടപ്പെട്ട ഈശോയിലുള്ള നവജീവിതത്തിന്റെ സന്തോഷവും സ്നേഹവും അനുഭവിക്കാത്ത നമ്മുടെ ജീവിതങ്ങളെ ഈശോ വീണ്ടെടുക്കുകയാണ്. പ്രതീക്ഷ നഷ്ടപ്പെട്ട് നമ്മുടെ ജീവിതം പരാജയത്തിലേയ്ക്ക് കൂപ്പുകുത്തുമെന്നു ചിന്തിക്കുമ്പോൾ മരണത്തെപ്പോലും പരാജയപ്പെടുത്തി ഉത്ഥിതനായ ക്രിസ്തു പ്രതീക്ഷയുടെ പതാകയുമായി നമ്മുടെ ജീവിതങ്ങളിലേയ്ക്ക് കടന്നുവരുമെന്ന ഉറച്ച വിശ്വാസം നമ്മുടെ ജീവിതത്തിലുണ്ടായിരിക്കണം.

ഗുരുവചനം അനുസരിക്കുന്നതിലൂടെയും പശ്ചാത്തപിക്കുന്ന മനസ്സോടെയും വീണ്ടെടുപ്പ് ഐശ്വര്യത്തിലേയ്ക്കും സമൃദ്ധിയിലേയ്ക്കും നയിക്കുമെന്ന വിശ്വാസത്തോടെയും നമുക്ക് ക്രിസ്തുവിനോട് ചേർന്നു നിൽക്കാം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.